"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് - കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് അനുവദിച്ച തുക ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിന് ഉപയോഗിക്കാൻ - അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2194/2025/LSGD തീയതി,തിരുവനന്തപുരം, 10-09-2025

പരാമർശം:-

1. സ.ഉ(സാധാ)നം.2156/2022/തസ്വഭവ; തീയതി 01.09.2022
2. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
3. സ.ഉ.(സാധാ) നം.2402/2023/H&FWD; തീയതി 19.09.2023
4. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26.09.2023ലെ 36-ാം നമ്പർ തീരുമാനം
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.03.2024-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.2
6. തദ്ദേശ സ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 20.07.2024ലെ LSGD/JD/KKD/4255/2023-B1 നമ്പർ കത്ത്
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.08.2024, 06.12.2024 തീയതികളിലെ DHS/17778/2024/PLA3 നമ്പർ കത്തുകൾ
8. കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13.11.2024ലെ LSGD/BP/KGM/KKD/6/2024-B നമ്പർ കത്ത്

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 2 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് (Scheme-2) വേണ്ടി മുക്കം സി.എച്ച്.സി. ക്ക് 27.57 ലക്ഷം രൂപ അനുവദിച്ചിരുന്നു.

2. മുക്കം സാമൂഹികാരോഗ്യകേന്ദ്രം മുക്കം മുനിസിപ്പാലിറ്റിയുടെ കീഴിൽ വരുന്ന സ്ഥാപനമാണെന്നും ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് മുക്കം സാമൂഹികാരോഗ്യകേന്ദ്രത്തിന് ചെലവഴിക്കുവാൻ സാധിക്കുകയില്ലായെന്നതിനാൽ ഈ

തുക ചെറൂപ്പ എം.സി.എച്ച്. യൂണിറ്റിന് ഉപയോഗിക്കുവാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 5 യോഗത്തിൽ പരിഗണിക്കുകയും, ചെറൂപ്പ സി.എച്ച്.സി. ക്ക് മേൽ തുക കൈമാറാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

3. ചെറൂപ്പ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ഭരണനിയന്ത്രണം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് പരാമർശം 3 പ്രകാരം കൈമാറിയിട്ടുണ്ട്. ആയതിനാൽ ചെറൂപ്പ എം.സി.എച്ച് യൂണിറ്റിനെ ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിനും, ഹെൽത്ത് ഗ്രാന്റ് വിഹിതം തുടർന്ന് ലഭ്യമാക്കുന്നതിനും അനുമതി നൽകണമെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം 7 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറൂപ്പ എം.എസി.എച്ച്. യൂണിറ്റിനായി ബ്ലോക്ക് പഞ്ചായത്തിന് ഇതുവരെ പദ്ധതികൾക്കായി ഫണ്ട് വകയിരുത്തുവാൻ സാധിച്ചിരുന്നില്ലായെന്നും, ആയതിനാൽ ഹെൽത്ത് ഗ്രാന്റ് ചെറൂപ്പ എം.എസി.എച്ച് യൂണിറ്റിന് ചെലവഴിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും, മേൽ തുക സ്ഥാപനത്തിലെ ലബോറട്ടറിയുടെ ഭൗതിക സൗകര്യങ്ങൾ വിപുലപ്പെടുത്തുവാൻ സാധിക്കുമെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ തുക ചെറൂപ്പ എം.സി.എച്ച് യൂണിറ്റിന് ചെലവഴിക്കണമെങ്കിൽ സ്ഥാപനത്തിനെ ബ്ലോക്ക്തല കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുവാൻ 2021-22 ൽ തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിൽ, നഗരസഭകളിൽ സ്ഥിതി ചെയ്യുന്നതെന്ന് പിന്നീട് കണ്ടെത്തിയവയുടെ സംഗതിയിൽ, നഗരസഭാ പരിധിയിലെ ആരോഗ്യ സ്ഥാപനത്തിൽ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കേണ്ടതില്ലെന്നും, പകരം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏതെങ്കിലും ഒരു ആരോഗ്യസ്ഥാപനത്തിൽ, ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കാവുന്നതാണെന്നും പരാമർശം 1 ഉത്തരവിൽ വ്യക്തമാക്കിയിരുന്നു.

5. മേൽ സാഹചര്യത്തിൽ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന് ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് പരാമർശം 2 ഉത്തരവ് പ്രകാരം മുക്കം സി.എച്ച്.സി. ക്ക് അനുവദിച്ച തുക, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ചെറൂപ്പ എം.സി.എച്ച് യൂണിറ്റിൽ ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കുന്നതിന് ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട് - 673 571
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോഴിക്കോട്
8. ജില്ലാ കളക്ടർ, കോഴിക്കോട്

9. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
10. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോഴിക്കോട്
11. ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
17. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
18. ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്
19. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
20. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 10-09-2025 13:23:56

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്